(4)	ഫാർമസി കോളേജുകൾ	..	9
(5)	നഴ്സിംഗ് കോളേജുകൾ	..	28
(6)	ആയുർവ്വേദ കോളേജുകൾ	..	5
(7)	സിദ്ധ കോളേജ്	..	1
(8)	ബി.എഡ്. കോളേജുകൾ	..	34
(9)	എം.ബി.എ. സ്ഥാപനങ്ങൾ	..	29
(10)	എം.സി.എ. സ്ഥാപനങ്ങൾ	..	12

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 14,430 സീറ്റുകളാണുള്ളത്.

(ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ 50% സീറ്റുകളിൽ 1,461 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഇ) വിവിധ കോളേജുകളിലായി ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

*10 [130] ശ്രീ. എം. വി. ജയരാജൻ:
„ ടി. കെ. ബാലൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) ഈ പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും ഇതുവരെ ലഭിച്ച ഫണ്ട് എത്ര;

(സി) സംസ്ഥാനം ഈ പദ്ധതിക്കായി എന്തു തുക വിഹിതം നൽകിയിട്ടുണ്ട്;

(ഡി) ഇത് ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്;

(എഫ്) ഈ പദ്ധതികൾക്കായി എത്രപേരെ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്;

(ജി) ട്രെയിനർ നിയമനത്തിന്റെ മാനദണ്ഡം എന്തായിരുന്നു;

(എച്ച്) ജില്ലാന്തര സ്ഥലംമാറ്റംവഴി ട്രെയിനർമാരെ നിയമിച്ചിട്ടുണ്ടോ;

(ഐ) ട്രെയിനർമാരായി സ്കൂളുകളിൽനിന്ന് നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് പകരം നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) (1) സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് 10 വർഷത്തേക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി. ഈ പദ്ധതി രൂപരേഖ തയ്യാറാക്കിയത് താഴെ തട്ടിൽനിന്ന് (സ്കൂൾ തലം, പഞ്ചായത്ത് തലം, ബ്ലോക്ക് തലം, ജില്ലാ തലം) പൊതുജന പങ്കാളിത്തത്തോടെ രൂപപ്പെട്ടുവന്ന പദ്ധതികളുടെ സമഗ്രരേഖയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) പദ്ധതി രേഖയിൽ അംഗീകരിക്കപ്പെട്ടതുപോലെ ജില്ലാ ബ്ലോക്ക് തലങ്ങളിൽ പ്രോജക്ട് ഓഫീസുകളും മാനവവശേഷി വിന്യാസവും നടത്തുകയുണ്ടായി.

(3) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചു.

(4) പദ്ധതി നടത്തിപ്പിലേക്ക് സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, സ്കൂൾ തലങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു.

(5) അദ്ധ്യാപക പരിശീലന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും ഭിന്നതല പഠനകേന്ദ്രങ്ങളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി സംസ്ഥാന, ജില്ലാതല റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

(6) പ്രൈമറി, അപ്പർപ്രൈമറി, എട്ടാം ക്ലാസ് (1 മുതൽ 8 വരെ) അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതും പഠന തന്ത്രങ്ങളുമായി ബന്ധപ്പെട്ടതുമായ പരിശീലനങ്ങളും മൂല്യ നിർണ്ണയ സമീപനത്തെ സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി.

(7) 2003 ഡിസംബർ മാസത്തിന് മുമ്പ് സംസ്ഥാനം സമ്പൂർണ്ണ സ്കൂൾ പ്രവേശന വർഷമായി പ്രഖ്യാപിക്കുവാൻ ആവശ്യമായ നടപടിക്രമങ്ങൾ വാർഡുതലം മുതൽ കൈക്കൊള്ളുകയും പ്രഖ്യാപനം നടത്തുകയും ചെയ്തു.

(8) സ്കൂൾ പ്രവേശനം ലഭിക്കാത്തതും ഇടക്ക്വെച്ച് കൊഴിഞ്ഞുപോയതുമായ 5-നും 14-നും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിനുവേണ്ടി ഭിന്നതല പഠന കേന്ദ്രങ്ങൾ ആദിവാസി മേഖലകളിലും തീരപ്രദേശത്തും ആരംഭിച്ചു.

(9) സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സ്കൂൾ കെട്ടിടങ്ങൾ, പുതിയ ക്ലാസ് മുറികൾ, ചുറ്റുമതിൽ, ടോയ്ലെറ്റ്, കുടിവെള്ളം, വൈദ്യുതീകരണം തുടങ്ങിയവ നടന്നുവരുന്നു.

(10) പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുവാൻ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ശ്രവണ സഹായികൾ, കണ്ണട, വീൽച്ചെയർ തുടങ്ങിയവ വിതരണം നടത്തുകയും ചെയ്തുവരുന്നു.

(11) പെൺകുട്ടികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധം പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയും നടപ്പിലാക്കുകയും ചെയ്തു.

(12) കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുവാൻ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കും ഡയറ്റുകൾക്കും കമ്പ്യൂട്ടർ നൽകി പഠന കേന്ദ്രങ്ങളാക്കി മാറ്റി.

(13) പ്രീ-പ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമാക്കുവാൻ അംഗൻവാടി, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയവയിലെ പ്രവർത്തകരെ ബോധവൽക്കരിക്കുകയും ഉപകരണങ്ങൾ നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(14) പദ്ധതി അവലോകനം എല്ലാ മാസവും വിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ നടക്കുന്നതോടൊപ്പം സംസ്ഥാന പ്രോഗ്രാം ഓഫീസർമാർ നേരിട്ട് വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നുണ്ട്.

(ബി) 69,11,00,000 രൂപ (അറുപത്തി ഒമ്പത് കോടി പതിനൊന്നു ലക്ഷം രൂപ മാത്രം).

(സി) 14,92,77,000 രൂപ (പതിനാല് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എഴുപത്തി ഏഴായിരം രൂപ മാത്രം).

(ഡി) പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്:

(1) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം
(2) അദ്ധ്യാപക പരിശീലനം
(3) ബദൽ സ്കൂളുകളുടെ പ്രവർത്തനം
(4) പെൺകുട്ടികളുടെ വിദ്യാഭ്യാസം
(5) കമ്പ്യൂട്ടർ വിദ്യാഭ്യാസം

(ഇ) പൊതു വിദ്യാഭ്യാസ സെക്രട്ടറി പ്രസിഡന്റും, പൊതു വിദ്യാഭ്യാസ ഡയറക്ടർ വൈസ് പ്രസിഡന്റും സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള പ്രൈമറി ഡവലപ്മെന്റ് സൊസൈറ്റി (കേരള)-ക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല.

(എഫ്) 991.

(ജി) 5 വർഷം സർവ്വീസുള്ള ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരെയും എയ്ഡഡ് സ്കൂളുകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെയും നിയമിച്ചു വരുന്നു.

(എച്ച്) ഉണ്ട്.

(ഐ) ട്രെയിനർമാരുടെ നിയമനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

സ്വാശ്രയ മേഖലയിൽ പൂട്ടിയിടേണ്ടതായി വന്ന എഞ്ചിനീയറിംഗ് കോളേജുകൾ

*11 [131] ശ്രീ. പി. ജെ. ജോയി:
ശ്രീ. ജോർജ് ജെ. മാത്യു:
„ സി. പി. മുഹമ്മദ്:
„ വി. ബാലറാം:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ അനുവദിച്ച ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജ് അടച്ചുപൂട്ടേണ്ടതായി വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോളേജുകൾ എന്ന് അറിയിക്കുമോ;

(സി) ഇവ പൂട്ടിയിടേണ്ടതായി വന്ന സാഹചര്യം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly